ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം 1 (Annexure 1) ആയി ചേർക്കുന്നു.*

(ബി) അനുബന്ധം 1-ൽ സൂചിപ്പിച്ചിട്ടുള്ള ചെറുകിട സ്ഥാപനങ്ങളിലെ മലിനജലം കാപ്പിത്തോട്ടിലേക്കാണ് ഒഴുക്കുന്നത്. ടി യൂണിറ്റുകളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. ഇവ അടച്ചുപൂട്ടുന്നതിനുപകരം സർക്കാർ സഹായത്തോടെ ഒരു പൊതുമലിനജല ശുദ്ധീകരണ പ്ലാന്റ് നിർമ്മിക്കണമെന്ന പൊതുഅഭിപ്രായം കണക്കിലെടുത്ത് ബോർഡ് ഇവർക്കെതിരെ അടച്ചുപൂട്ടൽ നടപടി സ്വീകരിച്ചിട്ടില്ല. ടി സ്ഥാപനങ്ങളിൽനിന്നുള്ള മലിനജലം സംസ്ക്കരിക്കുന്നതിന് മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ലഭിച്ച എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് പരിശോധിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കാപ്പിത്തോടിന്റെ പുനരുദ്ധാരണപ്രവൃത്തികൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3-3-2014-ന് നടന്ന യോഗത്തിൽ ശരിയാംവിധമുള്ള മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കണമെന്ന നിബന്ധനയോടുകൂടിയേ ഇനിമേൽ പീലിംഗ് ഷെഡ്ഡുകൾക്ക് ലൈസൻസ് കൊടുക്കുകയുള്ളുവെന്നും നിലവിലുള്ള പീലിംഗ് ഷെഡ് ഉടമകൾ മലിനീകരണനിയന്ത്രണ ബോർഡ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെ 1/3 തുക നോട്ടീസ് കൈപ്പറ്റി 1 മാസത്തിനകം അടയ്ക്കണമെന്നും ബാക്കി ചെലവ് മലിനീകരണനിയന്ത്രണ ബോർഡ് വഹിക്കുന്നതാണെന്നും തീരുമാനമായിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധം 2 (Annexure 2) ആയി ചേർക്കുന്നു.*

ഇ-വേസ്റ്റ് മാനേജ്മെന്റ്

76 (T6527) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-മാലിന്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇ-വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ ;

(സി) ഇ-വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് പരിഗണനയിലുള്ള പദ്ധതികളും നിർദ്ദേശങ്ങളും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേന്ദ്രസർക്കാർ 2011-ൽ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) ചട്ടങ്ങൾ, 2011 പ്രകാരം എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയുടെ അടിസ്ഥാനത്തിൽ ഇ-മാലിന്യം (ഇലക്ട്രിക്/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉൽപ്പാദനത്തിലും അവയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗശേഷവുമുള്ളവ) ശേഖരിക്കുന്നതിനും അവ അംഗീകൃത കളക്ഷൻ സെന്റർ/ഡിസ്മാൻലർ/റീ-സൈക്കളർക്ക് എത്തുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനും ഇ-ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകർക്ക് ഉത്തരവാദിത്തമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സൗകര്യങ്ങൾ ഒരുക്കേണ്ടത് ഇ-ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകർ തന്നെയാണ്. ഇ-മാലിന്യം ഖരമാലിന്യവുമായി കലരാതെ സൂക്ഷിക്കുന്നതിനും ബ്രാൻഡഡ് അല്ലാത്തവയോ അസംബിൾ ചെയ്തതോ ആയ ഇ-മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത കളക്ഷൻ സെന്റർ/റീ-സൈക്കളർ/ഡിസ്മാന്റ്ലർ എന്നിവിടങ്ങളിൽ എത്തിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഉത്തരവാദിത്തമുണ്ട്. ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉൽപ്പാദകരുടെ സാമ്പത്തികസഹായം ഉപയോഗിച്ച് ഇത്തരത്തിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നതാണ്.

നമ്മുടെ സംസ്ഥാനത്ത് ഇത്തരം ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം നടക്കുന്നില്ല. ആയതിനാൽ ഇ-ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്ന പ്രധാന ഉൽപ്പാദകരിലൂടെ ഇത് നടപ്പിലാക്കുന്നത് ഏറെ ശ്രമകരമാണ്. ഇത്തരം ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം ഇവിടെ നടക്കുന്നില്ലാത്തതിനാൽ ഇത്തരം ഉൽപ്പാദകരെക്കൊണ്ട് മേൽ സംവിധാനങ്ങൾ തയ്യാറാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇ-ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിയുന്ന വാണിജ്യ സംരംഭകരിലൂടെയാണ് (Wholesale & Retail shops വഴി). ഇവർ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ വരുന്നില്ല. ആയതിനാൽ അവർക്ക് അനുമതി പ്രക്രിയയിലൂടെ ഉപയോഗശേഷമുള്ള ഇ-മാലിന്യം തിരിച്ചെടുക്കുവാനുള്ള സംവിധാനം (take back system) ഏർപ്പെടുത്തിക്കുവാൻ ബോർഡിൽനിന്നും കഴിയുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയിലൂടെ ഇത് നിഷ്കർഷിക്കുന്നത് ഫലപ്രദമായിരിക്കും. കൂടാതെ, ഗാർഹിക ഇ-മാലിന്യ ശേഖരണ സെന്റർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾമുഖേന പ്രധാനപ്പെട്ട നഗരങ്ങളിലും പട്ടണങ്ങളിലും സ്ഥാപിക്കേണ്ടതാണ്.

സംസ്ഥാനത്ത് നിലവിൽ ഇ-മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനത്തുള്ള അംഗീകൃത റീ-സൈക്കളർ/ഡിസ്മാന്റ്ലർക്ക് നൽകുന്നതിന് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് ബോർഡിൽനിന്നും അനുമതി നൽകിവരുന്നു. ഇത്തരത്തിൽ എർത്ത് സെൻസ് റീ-സൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് കണ്ണിപ്പോട്, പാലക്കാട്; റേണാട് സ്റ്റീൽ കോർപ്പറേഷൻ, വെള്ളായണി, നേമം, തിരുവനന്തപുരം; അൽ-അമീൻ ഇൻഡസ്ട്രീസ്, ആലുവ, എറണാകുളം; കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, അമ്പലമേട്, കൊച്ചി എന്നീ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഇ-മാലിന്യ ശേഖരണ സംവിധാനം നടപ്പിലാക്കുന്നതിന് ശ്രമങ്ങൾ നടത്തിവരുന്നു.

സംസ്ഥാനത്ത് ഇ-മാലിന്യം സംസ്ക്കരിക്കുന്നതിനായി നിലവിൽ സംവിധാനങ്ങളില്ല. വീടുകളിൽനിന്നും മറ്റും ഉണ്ടാകുന്ന ഇ-മാലിന്യം (ബ്രാൻഡഡ് അല്ലാത്ത ഉൽപ്പന്നങ്ങളിൽനിന്നും) ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംവിധാനം ഒരുക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly